പത്രക്കുറിപ്പ്

KERALA STATE COMMISSION FOR
PROTECTION OF CHILD RIGHTS
Vanross Junction, Kerala University P.O.,
Thiruvananthapuram - 695 034
Phone : 0471 - 2326603/04/05
E-mail : pro.cpcr@gmail.com

13.11.2024

# ബീമാപ്പള്ളി പ്രീപ്രൈമറി സ്കൂൾ മാറ്റണം

**ബാലാവകാശ കമ്മിഷൻ**

ബീമാപ്പള്ളി പ്രീപ്രൈമറി സ്കൂളിന്റെ പ്രവർത്തനം ബീമാപ്പള്ളി അർബൻ പ്രൈമറി ഹെൽത്ത് സെന്റർ കോമ്പൗണ്ടിലെ അക്ഷയ കേന്ദ്രത്തിന്റെ ഒന്നാം നിലയിലേക്ക് മാറ്റുന്നതിന് ബാലാവകാശ കമ്മിഷൻ ഉത്തരവായി. സ്കൂളിന് ആവശ്യമായ അടുക്കളയും, നല്ല ശുചിമുറിയും, മറ്റു സൗകര്യങ്ങളും ഒരുക്കുന്നതിന് തിരുവനന്തപുരം നഗരസഭ സെക്രട്ടറി നടപടി സ്വീകരിക്കണം. ഇക്കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് കമ്മിഷൻ അംഗം എൻ.സുനന്ദ പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശം നൽകി. ബാലാവകാശ കമ്മിഷൻ സ്കൂൾ സന്ദർശിക്കുകയും കുട്ടികളുടെ അതിജീവനാവകാശത്തിന്റെയും ഉന്നമനാവകാശ ത്തിന്റെയും ലംഘനം നടന്നതായി വിലയിരുത്തുകയും ചെയ്തു. പിഞ്ചു കുഞ്ഞുങ്ങളെ അതീവ ശ്രദ്ധയോടെ നോക്കുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുമാണ്. സ്കൂളിന്റെ അന്തരീക്ഷം പഠനത്തിനു യോഗ്യമല്ല. ക്ലാസ്സ് മുറികൾ പൊട്ടിപൊളിഞ്ഞതാണ് തുരുമ്പിച്ചകളികോപ്പുകൾ, ശുചീകരണം ഇല്ല സ്കൂളിനടുത്ത് മാലിന്യം നിക്ഷേപിക്കുന്നു തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ച് നൽകിയ പരാതിയിന്മേലാണ് കമ്മിഷൻ ഉത്തരവ്. ഉത്തരവിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 15 ദിവസത്തിനകം ലഭ്യമാക്കാനും കമ്മിഷൻ നിർദ്ദേശം നൽകി.

പബ്ളിക് റിലേഷൻസ് ഓഫീസർ